LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലെ മംഗലം പഞ്ചായത്തിലെ റോഡ് നിർമ്മാണം

143 (2639) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മംഗലം പഞ്ചായത്തിലെ ടിപ്പുസുൽത്താൻ റോഡിൽ ആശാൻപടി മുതൽ കൂട്ടായി ഐമുഖം വരെയുള്ള ഭാഗം പൊട്ടിപ്പൊളിഞ്ഞ് ഗതാഗത യോഗ്യമല്ലാതാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഭാഗം റബ്ബറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡ് നവീകരണത്തിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

മലപ്പുറം ജില്ലയിലെ തീരദേശ പാത

144 (2640) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂരിലൂടെ കടന്നു പോകുന്ന തീരദേശ പാതയുടെ പ്രവൃത്തിക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) മലപ്പുറം ജില്ലയിൽ എത്ര കിലോമീറ്റർ ദൂരം ഇപ്പോൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) പറവണ്ണ മുതൽ ചീരാൻ കടപ്പുറം വരെയുള്ള പ്രസ്തുത റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണ് ;

(ഡ) സർവ്വേ നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരദേശ പാതയുടെ ടാൻസ്കോർമർ റോഡ് മുതൽ ഒട്ടുംപുറം വരെയുള്ള 18.5 കി.മീ. ന്റെ നിർമ്മാണത്തിനായി 117.14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.